മനുഷ്യാവകാശ കമ്മീഷന്റെ പേരിൽ ആൾമാറാട്ടം നടത്തിയ കേസിൽ നാല് പേർ അറസ്റ്റിൽ. കിഴക്കമ്പലം ചൂരക്കോട് പള്ളിക്ക് സമീപം കുന്നു പറമ്പിൽ താമസിക്കുന്ന ഇടുക്കി മന്നാംകണ്ടം സ്വദേശി അർഷാദ് (39), അശമന്നൂർ ഏക്കുന്നം മലയക്കുഴി വീട്ടിൽ നിഷാദ് (38), വെങ്ങോല തണ്ടേക്കാട് കോക്കാടി വീട്ടിൽ ഇസ്മയിൽ (51), മാറമ്പിള്ളി പള്ളിപ്പുറം നെടിയാൻ വീട്ടിൽ അസീസ് (43) എന്നിവരെയാണ് കോതമംഗലം പോലീസ് അറസ്റ്റ് ചെയ്തത്. മനുഷ്യാവകാശ കമ്മീഷൻ വൈസ് ചെയർമാനാണെന്ന് പറഞ്ഞ് അർഷാദ് തെക്കേ വെണ്ടുവഴി സ്വദേശിനിയായ വീട്ടമ്മയുടെ വീട്ടിലെത്തി ഭീഷണിപ്പെടുത്തുകയായിരുന്നു. ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ വൈസ് ചെയർമാൻ എന്ന ബോർഡ് വച്ച കാറിൽ ഇയാളോടൊപ്പം മറ്റു മൂന്നുപേരുമുണ്ടായിരുന്നു.

.